എമ്മാവൂസ്
# വചനദൂത്
കൈത്താക്കാലം ഒന്നാം ഞായർ ലൂക്കാ 14:7 – 14
Vol.8 / Issue - 5 / 23 July 2017



## ഫലം നൽകുക



ബ്ര. ജിജോ കിഴക്കേപ്പറമ്പിൽ CMI

ഗ്രീഷ്മം അഥവാ വേനൽക്കാലം എന്ന അർത്ഥമാണ് കൈത്താ എന്ന സുറിയാനി പദത്തിനുള്ളത്. വൃക്ഷലതാദികൾ ഫലം ചൂടുന്ന ഗ്രീഷ്മത്തിൽ അപ്പസ്തോലന്മാരുടെയും പിൻഗാമികളുടെയും പ്രേക്ഷിതപ്രവർത്തനം വഴിയും വിശുദ്ധ ജീവിത സാക്ഷ്യം വഴിയും വിശ്വാസത്തിന്റെ ഫലമായ സഭാവൃക്ഷത്തെയാണ് നാം അനുസ്മരിക്കുന്നത്. ഈ വളർച്ചയെ സൂചിപ്പിക്കുന്നതിനാണ് കൈത്താ അഥവാ ഫലാഗമക്കാലം എന്നറിയപ്പെടുന്നത്.

സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് അപ്പസ്തോലന്മാരാകയാൽ കൈത്താക്കാലത്തിന്റെ ആദ്യ ഞായറാഴ്ച പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ഓർമ്മയാണ് ആചരിക്കുന്നത്. ഈ കാലത്തിലെ വെള്ളിയാഴ്ചകൾ എല്ലാ അപ്പസ്തോലന്മാരുടെയും എല്ലാ രക്തസാക്ഷികളുടെയും ഓർമ്മ ആചരണത്തിനായി മാറ്റിവച്ചിരിക്കുന്നു. കാരണം ജീവൻ ത്യജിച്ചുകൊണ്ടുള്ള അവരുടെ ക്രിസ്തുസാക്ഷ്യമാണ് സഭയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്.

ഒരു ക്രിസ്ത്യാനി എപ്രകാരം ഫലം പുറപ്പെടുവിക്കണമെന്ന് ഇന്നത്തെ വചനത്തിലൂടെ യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു. വിരുന്നുകളെ ഏറെ ഇഷ്ടപ്പെടുകയും സ്വർഗ്ഗരാജ്യത്തെ വിരുന്നിനോട് ഉപമിക്കുകയും ചെയ്ത കർത്താവ് ഒരു വിരുന്നിനെ കേന്ദ്രമാക്കിക്കൊണ്ട് രണ്ട് കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു – താഴ്മയുള്ളവരാകുക, പ്രതിഫലം പ്രതീക്ഷിക്കാതെ പ്രവർത്തിക്കുക

എല്ലായിടത്തും ഒന്നാമനാകാനാണ് ഏവരുടെയും ആഗ്രഹം. അത് സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലുമെല്ലാം പ്രകടമാണ്. മനുഷ്യൻ എവിടെയും ഉന്നതസ്ഥാനത്തിരിക്കാനും വിരുന്നുകളിൽ പ്രമുഖസ്ഥാനത്തിനും വിശിഷ്ടാഥിതിയുടെ തൊട്ടടുത്തിരിക്കാനും അങ്ങനെ സംതൃപ്തി കണ്ടെത്താനും പരിശ്രമിക്കുന്നു. എവിടെയും ഒന്നാമനാകണം, ആദരിക്കപ്പെടണം, ബഹുമാനിക്കപ്പെടണം,

അഭിവാദനം ലഭിക്കുകയും വേണം. എങ്ങനെയും മുന്നിലെത്താൻ ആരെ വേണമെങ്കിലും ചവിട്ടിത്താഴ്ത്താനും വെട്ടിനിരത്താനും മുന്നിലെത്തിയാൽ അവിടെ എങ്ങനെയെങ്കിലും പിടിച്ച് നിൽക്കാനുമുള്ള തന്ത്രപ്പാടു നടത്തുന്ന ഈ കാലഘട്ടത്തിൽ യേശുവിന്റെ ഉപമയ്ക്ക് കൂടുതൽ പ്രാധാന്യം ഉണ്ട്. മറ്റൊരാൾക്കുവേണ്ടി മാറിക്കൊടുക്കുവാൻ മനുഷ്യത്വം ഉള്ളവനെ സാധിക്കുകയുള്ളൂ. എന്നാൽ സകലർക്കും വേണ്ടി സ്വയം ഇല്ലാതാകുവാൻ ദൈവം ഉള്ളിൽ വേണം.

എളിയവരെ ഉയർത്തുന്ന ദൈവത്തെക്കുറിച്ചാണ് വി. ഗ്രന്ഥം വരച്ച് കാണിക്കുന്നത്. അഹങ്കാരികളെ ചിതറിക്കുന്ന ബാബേലുകളും ദാവിദിനെ തിരഞ്ഞെടുത്ത ദൈവപ്രവർത്തികളും ഇന്ന് ആവശ്യമാണ്. വി. അഗസ്റ്റിനോസ് പറയുന്നു. "മാലാഖയെ ചെകുത്താനാക്കിയത് അവന്റെ അഹങ്കാരമാണെങ്കിൽ മനുഷ്യനെ മാലാഖയാക്കുന്നത് അവന്റെ വിനയമാണ്." ആദരവ് പിടിച്ചെടുക്കേണ്ടതല്ല മറിച്ച് നിന്റെ നന്മ കണ്ട് മറ്റുള്ളവർ സ്നേഹത്തോടെയും സന്തോഷത്തോടെയും സമ്മാനിക്കേണ്ടതാണ്. ക്രിസ്തുശിഷ്യന്റെ മുഖമുദ്ര എപ്പോഴും എളിമ ആയിരിക്കണം.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ (25:6-2) ഇപ്രകാരം പറയുന്നു. "രാജസന്നിധിയിൽ മുൻനിരയിൽ കയറി നിൽക്കുകയോ സമുന്നതന്മാരോടൊപ്പം സ്ഥാനം പിടിക്കുകയോ ചെയ്യരുത്, എന്തെന്നാൽ രാജസന്നിധിയിൽ വച്ച് പിറകോട്ട് മാറ്റി നിർത്തപ്പെടുന്നതിനേക്കാൾ അഭികാമ്യം മുന്നോട്ട് കയറി വരുക എന്ന് പറയുന്നതാണ്." എളിമ ഒരാൾ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ അത് എളിമയോടെ ദൈവസന്നിധിയിൽ നിൽക്കുവാൻ അയാളെ പ്രാപ്തനാക്കും (ലൂക്കാ 12:18-19). ഏറ്റവും ചെറിയ കടുകുമണി വലിയ ചെടിയായി വളരുന്നതുപോലെ എളിമയുള്ളവരെ ദൈവം ഉന്നതങ്ങളിലേക്ക് ഉയർത്തും.

ജോബിന്റെ പുസ്തകം 22:29-ൽ പറയുന്നു "ദൈവം അഹങ്കാരിയെ താഴ്ത്തും വിനീതരെ ഉയർത്തും." മറിയത്തിന്റെ സ്തോത്രഗീതത്തിലും ഇതുതന്നെയാണ് നമുക്ക് കാണാൻ സാധിക്കുക. മഹാകവി ടാഗോർ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു, "മഹാസമുദ്രം താണുനിന്ന് മഹാനദികളെ തന്നിലേക്ക് ആവാഹിക്കുന്നു. കതിർ ചൂടുന്ന നെൽച്ചെടികൾ ശിരസ്സ് നമിച്ച് നിൽക്കുന്നു. ഇതാണ് യാഥാർത്ഥ വളർച്ചയുടെ ലക്ഷണം. പതിര് വെള്ളത്തിൽ പൊങ്ങി കിടക്കുന്നതുപോലെ അല്പബുദ്ധികർ സദാ ഉയർന്ന് നിൽക്കാൻ വ്യഗ്രത കാണിക്കുന്നു." തന്നെത്തന്നെ താഴ്ത്തുകയാണ് ഉയർത്തപ്പെടാനുള്ള ഏക മാർഗ്ഗം.

വിരുന്നിനെക്കുറിച്ച് ഈശോ നൽകുന്ന ചിന്തയും അർത്ഥവത്താണ്. തിരികെ നൽകാൻ കഴിയുന്നവരെ വിളിക്കരുത് മറിച്ച് ഒന്നും പകരം നൽകാൻ ഇല്ലാത്തവരെ വിളിക്കണം. കർത്താവ് ഓർമ്മിപ്പിക്കുന്നു നിന്റെ നന്മ പുരമുകളിൽ നിന്ന് പ്രഘോഷിക്കേണ്ടത് നീയല്ല, മറിച്ച് നിന്റെ നന്മ യാഥാർത്ഥ്യമാണെങ്കിൽ മറ്റുള്ളവരാൽ അത് പ്രഘോഷിക്കപ്പെടണം. സുഹൃത്തുക്കളെയും ബന്ധുക്കളെയും സമ്പന്നരേയും വിളിക്കേണ്ടതില്ല എന്നല്ല മറിച്ച് നിന്റെ സമ്പന്നതയുടെ വിരുന്നിൽ നീയൊരിക്കലും അവശരെയും പാവപ്പെട്ടവരെയും മറന്നുകളയരുത് എന്നാണ്. ദരിദ്രനോടും നിരാശ്രയരോടും പക്ഷം ചേരുന്ന യേശുവിന്റെ മാതൃകയാണ് ക്രിസ്തുശിഷ്യനും അനുകരിക്കേണ്ടത്. ഒരേ മാന്യത എല്ലാവർക്കും നൽകുന്ന സംസ്ക്കാരം നാം ശീലിക്കേണ്ടിയിരിക്കുന്നു എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഗോതമ്പപ്പത്തോളം ചെറുതാകുന്ന യേശുവിന്റെ ബലിയിൽ പങ്കുചേരുന്ന നമുക്കും എളിമയുടെ ഭാവങ്ങൾ സ്വന്തമാക്കാം. ആരെയും അവഗണിക്കാതെ മാറ്റിനിർത്താതെ എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാല മനസ്സ് നമുക്കും സ്വീകരിക്കാം. ഒന്നുമില്ലാത്തവന്റെ കൂടെ വസിക്കാൻ ആഗ്രഹിക്കുന്ന ഈശോ നമുക്ക് എന്നും മാതൃകയാകട്ടെ. ആഴത്തിലാഴുന്ന മുറിവുകൾക്കുടയോൻ അന്തിക്ക് തല ചായ്ക്കാൻ ഇടമില്ലാത്തോൻ സ്വയം മറന്ന് മറ്റുള്ളവരുടെ ദുഃഖത്തിൽ പങ്ക് ചേരുന്ന ഈശോ നമുക്ക് എന്നും മാർഗ്ഗദർശിയും സഹായകവുമാകട്ടെ. ◆